**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 18** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യഭദ്രത ഉറപ്പുവരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യധാന്യങ്ങൾക്ക് വലിയ തോതിൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സംസ്ഥാനം എന്ന നിലയിൽ ജനങ്ങളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുക എന്നത് കേരള സർക്കാരിന് വലിയ വെല്ലുവിളിയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഭക്ഷ്യധാന്യ വിതരണം കൂടുതൽ കാര്യക്ഷമമാക്കുക എന്നത് സാമൂഹ്യ സുരക്ഷ പദ്ധതിയിലെ സുപ്രധാന ഘടകമാണ്. 01/06/1997 മുതലാണ് സംസ്ഥാനത്ത് നിലനിന്നിരുന്ന സാർവ്വത്രിക റേഷനിംഗ് സമ്പ്രദായം ലക്ഷ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറിയത്. ദാരിദ്ര്യരേഖയ്ക്ക് മുകളിലും താഴെയുമുള്ളവർ എന്ന വിഭജനം അന്നു മുതലാണ് നിലവിൽ വന്നത്. ജനങ്ങളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുക പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാനത്തെ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളെ ഭക്ഷ്യസുരക്ഷയുടെ പരിധിയിൽ കൊണ്ട് വരുന്നതിനായി, നോൺ പ്രയോറിറ്റി ഇൻസ്റ്റിട്ടൂഷൻ (NPI) കാർഡുകൾ അനുവദിച്ച് ഒരു കാർഡിന് പ്രതിമാസം 2 kgഅരി, കിലോഗ്രാമിന് 10.90/- രൂപ നിരക്കിൽ വിതരണം ചെയ്തു വരുന്നു.<br><br>2. മുൻഗണനാ ഗുണഭോക്താക്കളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി, റേഷൻകട വഴി റാഗി വിതരണം ആരംഭിച്ചു. കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന റാഗി പൊടിച്ച് പാക്കറ്റ് ആക്കി ടി വിഭാഗത്തിന് വിതരണം ചെയ്തു വരുന്നു.<br><br>3. സംസ്ഥാനത്തെ ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ റേഷൻ ഭക്ഷ്യധാന്യം നേരിട്ടെത്തിക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻകട പദ്ധതി ആരംഭിച്ചു. നിലവിൽ 10 ജില്ലകളിലായി 25 താലൂക്കുകളിൽ സഞ്ചരിക്കുന്ന റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>4. വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അതിദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷാ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ |

| | | | |
|---|---|---|---|
| | | | എത്തിക്കുന്ന **ഒപ്പം പദ്ധതി** ആരംഭിച്ചു. ടി പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ സാധനങ്ങൾ എല്ലാ മാസവും 10 നു മുമ്പ് സൗജന്യമായി വീട്ടിൽ എത്തിച്ചുവരുന്നു.<br><br>5. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പട്ടിണി നിർമാർജനം ലക്ഷ്യമിട്ട് **വിശപ്പുരഹിത കേരളം പദ്ധതി** ആരംഭിച്ചു.<br><br>6. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതിലേക്കായി സുഭിക്ഷാ ഹോട്ടലുകൾ ആരംഭിച്ച്, 20/- രൂപയ്ക്ക് ഉച്ചഭക്ഷണം നൽകി വരുന്നു. ടി ഉച്ചഭക്ഷണത്തിന് ഊണൊന്നിന് 5 /- രൂപ നിരക്കിൽ സർക്കാർ സബ്സിഡി നൽകി വരുന്നു. ഹോട്ടലുകൾ ആരംഭിക്കുന്നതിന് പ്രാരംഭ ചെലവിനത്തിൽ പരമാവധി 10 ലക്ഷം രൂപ വരെ അനുവദിച്ച് നൽകുന്നു. പ്രതിമാസം ഏകദേശം 5 ലക്ഷത്തോളം ജനങ്ങൾക്ക് സുഭിക്ഷ ഹോട്ടലുകളുടെ പ്രയോജനം ലഭിച്ച വരുന്നു.<br><br>7. മുൻഗണനാ വിഭാഗം കാർഡുകൾ കൈവശം വച്ച് റേഷൻ അനുകൂല്യങ്ങൾ അനർഹമായി കൈപ്പറ്റുന്നവരെ കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ യെല്ലോ' എന്ന പേരിൽ പരിശോധനാ പരിപാടി ആരംഭിച്ചിട്ടുണ്ട്. അതുപ്രകാരം പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി, കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുകയും ടി ഒഴിവുകളിൽ അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു വരുന്നു. |
| (ബി) | ഇക്കഴിഞ്ഞ ഓണക്കാലം ഉൾപ്പെടെ ഉത്സവകാലങ്ങളിൽ കൃത്യമായ ആസൂത്രണത്തിലൂടെയും ഫലപ്രദമായ വിപണി ഇടപെടലിലൂടെയും വിലക്കയറ്റം പിടിച്ചുനിർത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങ അവലോകനം ചെയ്യുന്നതിനായി 23.11.2023-ലെ സ.ഉ(സാധാ)നം.470/2023/ഭ.പൊ.വി.വ പ്രകാരം ബഹു ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനത കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതുപ്രകാരം അതാത് ജില്ല കളക്ടർ, ഭക്ഷ്യ, കൃഷി എന്നി വകപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ യോഗങ്ങൾ ചേർന്ന് ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യപൊതു വിതരണ കമ്മീഷണർക്ക് സമർപ്പിക്കുകയും ഭക്ഷ്യ പൊതു വിതരണ കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിൽ ശുപാർശകൾ സഹിതം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.<br><br>ജില്ലാകളക്ടർമാരുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാകളക്ടർമാ നേരിട്ട് സംസ്ഥാനത്തെ വിവിധ പൊതുവിപണികളിൽ പരിശോധന നടത്തുന്നതിനും പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള |

അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടാൽ നേരിട്ട് ഇടപ്പെട്ട് പരിഹാരം കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച്, ഭക്ഷ്യ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ, റവന്യു എന്നീ വകുപ്പുകൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിപണികളിൽ പരിശോധന നടത്തിവരുന്നു. ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസം ജില്ലകളിൽ 3450 പരിശോധന നടത്തുകയും 372 ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട് .

അവശ്യവസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ 'Price Monitoring Cel പ്രവർത്തിച്ചു വരുന്നു. 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്കു വകുപ്പിന്റെ സഹായത്തോടെ PMSആപ്പിൽ upload ചെയ്തു വരുന്നു.

പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് കേന്ദ്രസംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും, പൊതുവിപണിയിൽ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതിനും അനുദിന വർദ്ധിച്ചു വരുന്ന പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനു വേണ്ടി സംസ്ഥാന തലത്തിൽ 'Centre for Price Research Kerala' രൂപീകരിച്ചിട്ടുണ്ട്. ആയത് വഴി അനുദിനം വർദ്ധിച്ചു വരുന്ന വിലയെക്കുറിച്ച് പഠനം നടത്തി മിക. ശുപാർശ സർക്കാരിനു നൽകുന്നതിനുവേണ്ടി സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 അവശ്യസാധനങ്ങളുടെ വിലകൾ പൊതുവിപണിയി നിന്നും ശേഖരിച്ച് താരതമ്യം ചെയ്ത് റിപ്പോർട്ട് സിവിൽ സപ്ലൈസ് കമ്മീഷണർ അംഗീകരിച്ച് സർക്കാരിലേയ്ക്കും പ്ലാനിംഗ് ബോർഡിലേയ്ക്കും, സപ്ലൈകോയിലേയ്ക്കും സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിലേയ്ക്കും നല്കിവരുന്നു.

ഓണക്കാലത്ത് ബഹു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ, റവന്യൂ, പോലീസ്, ഭക്ഷ്യസുരക്ഷാ, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ല / താലൂക്ക് തല സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണിയി പരിശോധന നടത്തി 775 ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

ഓണക്കാലത്ത് എല്ലാ AAY കാർഡുടമകൾക്കു പെർമിറ്റ് ഉള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് 4 പേർക്ക് 1 കിറ്റ് എന്ന നിരക്കിലും വയനാട്ടിലെ ദുരന്തബാധിത മേഖലയിലെ എല്ലാ കാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റ് വിതരണം നടത്തിയിട്ടുണ്ട്. ഓണത്തിന് മുൻഗണനേതര കാർഡുടമകൾക്ക് 10 കി.ഗ്രാം സ്പെഷ്യൽ അരി അധികമായി വിതരണം നടത്തി.

സംസ്ഥാന സർക്കാരിന്റെ സഹായത്തോടു കൂടി സപ്ലൈകോ നടത്തി വരുന്ന വിപണി ഇടപെടൽ മൂലം 13 അവശ്യസാധനങ്ങൾ സപ്ലൈകോ ഔട്ട്.ലെറ്റുകൾ (മാവേലിസ്റ്റോർ സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ് )വഴി സബ്സിഡി നൽകി വിതരണം നടത്തി വരുന്നു.സംസ്ഥാനത്ത് ഇക്കഴിഞ്ഞ ഓണക്കാലത്ത് ഓണചന്തകൾ വഴി ആവശ്യ സാധനങ്ങൾ വിതരണം ചെയ്തു വിപണി വില പിടിച്ചു നിർത്തുന്നതിന് നടപടി സ്വീകരിച്ചു.

(സി) സാധാരണ ജനങ്ങൾക്ക് മതിയായ അളവിൽ ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ വില കുറച്ചും അർഹരായവർക്ക് സൗജന്യമായും മുടക്കം കൂടാതെ ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013നടപ്പിലാക്കുന്നതിന് മുമ്പ് സംസ്ഥാനത്ത് 3.34 കോടി ജനങ്ങളെ പൂർണ്ണമായും സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനത്തിന്റെ ഭാഗമാക്കി റേഷൻ ആനുകൂല്യങ്ങൾ നൽകി വന്നിരുന്നു.

ഭക്ഷ്യഭദ്രതനിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയ ശേഷം ആകെയുള്ള 3.34 കോടി ഗുണഭോക്താക്കളിൽ 43 % പേർക്ക് മാത്രമാണ് താഴെ പറയുന്ന വിധത്തിൽ സബ്സിഡി നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തു വരുന്നത്.

| | |
|---|---|
| എ.എ.വൈ | 30 കിലോ അരി സൗജന്യമായി, ഗോതമ്പ്/ആട്ട/റാഗി - പരമാവധി 5 kg |
| പി.എച്ച്.എച്ച് | കാർഡിലെ ഓരോ അംഗത്തിനും 4 kg അരി വീതം സൗജന്യമായി |

ബാക്കിയുള്ള 57 % കാർഡ് ഹോൾഡർമാരെ താഴെ പറയുന്ന രീതിയിൽ തിരിച്ച് താഴെപ്പറയും നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തു വരുന്നു.

| | |
|---|---|
| എൻ.പി.എസ് | ഓരോ അംഗത്തിനും 2 kg അരി 4 രൂപ നിരക്കിൽ |
| എൻ.പി.എൻ.എസ് | കാർഡൊന്നിന് ലഭ്യതയ്ക്കനുസരിച്ച് അരി 10.90 രൂപ നിരക്കിൽ |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>എൻ.പി.ഐ</td><td>കാർഡൊന്നിന് 2 kg അരി 10.90 രൂപ നിരക്കിൽ</td></tr>
</table>
കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത് AAY, PHH വിഭാഗങ്ങൾക്ക് മാത്രമാണ്. കേന്ദ്ര സർക്കാർ 8.30രൂപ/കി.ഗ്രാം നിരക്കിൽ നൽകുന്ന ടൈഡ് ഓവർ അരിയിൽ നിന്നും സംസ്ഥാന സർക്കാർ 4.30രൂപ/കി.ഗ്രാം സബ്സിഡി വഹിച്ചാണ് NPSവിഭാഗങ്ങൾക്ക് 4രൂപ/കി.ഗ്രാം നിരക്കിൽ അരി വിതരണം ചെയ്യുന്നത്.
താഴെ പറയുന്ന രീതിയിലാണ് നിലവിൽ കേരളത്തിന് ആകെ ലഭിച്ച് കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവായ 14.25 ലക്ഷം മെട്രിക് ടൺ ക്രമീകരിച്ചിരിക്കുന്നത്.
<table>
<tr><td>വിഭാഗം</td><td>അരി</td><td>ഗോതമ്പ്</td></tr>
<tr><td>എ.എ.വൈ/ പി.എച്ച്.എച്ച്</td><td>8.38 ലക്ഷം മെ.ടൺ</td><td>1.88 ലക്ഷം മെ.ടൺ</td></tr>
<tr><td>മുൻഗണനേതരം</td><td>3.99 ലക്ഷം മെ.ടൺ</td><td>ഇല്ല</td></tr>
</table>
സംസ്ഥാനത്ത് നഗര മേഖലയിലെ കവറേജ് 39% വും ഗ്രാമപ്രദേശത്ത് 52.23% മാത്രമാണ്, ഇത് ദേശീയ ശരാശരിയായ യഥാക്രമം 50% നും, 75% നും വളരെ താഴെയാണ്.
നമ്മുടെ സംസ്ഥാനത്തിന് ആവശ്യമായ ആകെ ഭക്ഷ്യധാന്യ വിഹിതത്തിന്റെ കേവലം 20% മാത്രമാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്. ശേഷിക്കുന്ന ഭക്ഷ്യധാന്യങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചാണ് സംസ്ഥാനത്തിന്റെ ആവശ്യകത നിറവേറ്റുന്നത്. അതിനാൽ ഭക്ഷ്യധാന്യ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.
</td></tr>
<tr><td>(ഡി)</td><td>പൊതുവിപണിയിലെ അന്യായ നടപടികളും ചൂഷണവും ഒഴിവാക്കാൻ ബന്ധപ്പെട്ട പൊതുവിതരണ-ഉപഭോക്തൃ സംവിധാനങ്ങളിലൂടെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?</td><td>(ഡി)</td><td>കേരളത്തിലെ പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ വിവിധ തരം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത്. സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി കഴിക്കുന്നതരം അരി FCI വഴി സംഭരിച്ച് റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിലൂടെ സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി സപ്ലൈകോ നടത്തിവരുന്ന വിപണി ഇടപെടൽ മൂലം 13 അവശ്യസാധനങ്ങൾ സപ്ലൈകോ ഔട്ട്.ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർമാർക്കറ്റ്) വഴി വിതരണം നടത്തി വരുന്നു. ഇതുകൂടാതെ വകപ്പിൽ നിലവിലുള്ള താലൂക്ക്തല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.</td></tr>
</table>

ജില്ലാസപ്ലൈ ആഫിസർമാരുടെ നേതൃത്വത്തിൽ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ എന്നീ വകപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധനയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപത്രിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

പച്ചക്കറി, പലവ്യഞ്ജനം, പഴവർഗ്ഗങ്ങൾ എന്നിവയുടെ വില നിയന്ത്രിക്കുന്നതിനായി പൊതുവിപണി പരിശോധന കർശനമാക്കിയിട്ടുണ്ട്. അവശ്യവസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ‘Price Monitoring Cell' പ്രവർത്തിച്ചു വരുന്നു. 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്കു വകുപ്പിന്റെ സഹായത്തോടെ PMS ആപ്പിൽ upload ചെയ്തു വരുന്നു. ടി വിലകൾ കേന്ദ്രസർക്കാർതലത്തിൽ പരിശോധിച്ചു വരുന്നു.

പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് കേന്ദ്രസംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും, പൊതുവിപണിയിൽ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതിനും അനുദിനം വർദ്ധിച്ചു വരുന്ന പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനു വേണ്ടി സംസ്ഥാന തലത്തിൽ ‘Centre for Price Research Kerala' രൂപീകരിച്ചിട്ടുണ്ട്. ആയത് വഴി അനുദിനം വർദ്ധിച്ചു വരുന്ന വിലയെക്കുറിച്ച് പഠനം നടത്തി മികച്ച ശുപാർശ സർക്കാരിനു നൽകുകയും സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 അവശ്യസാധനങ്ങളുടെ വിലകൾ പൊതുവിപണിയിൽ നിന്നും ശേഖരിച്ച് താരതമ്യം ചെയ്ത് റിപ്പോർട്ട് സർക്കാരിലേയ്ക്കും പ്ലാനിംഗ് ബോർഡിലേയ്ക്കും, സപ്ലൈകോയിലേയ്ക്കും സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിലേയ്ക്കും നല്കിവരുന്നു.

സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല ഹൈപവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ബഹു. ജില്ല കളക്ടറുടെ അദ്ധ്യക്ഷതയിൽ ഭക്ഷ്യ, കൃഷി വകുപ്പ് പ്രതിനിധികൾ യോഗം കൂടി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് പൊതുവിപണി പരിശോധന സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തി അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും വില നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ